LIBRARY ARCHIVES Kerala Legislative Assembly

സെന്റർ ഫോർ ഡെവലപ്പ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി വിഭാഗത്തിലെ ജീവനക്കാർക്ക് പെൻഷൻ പദ്ധതി

71 (2704) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റിൽ പെൻഷൻ പദ്ധതി നടപ്പിലാക്കാൻ ആലോചിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഈ സ്ഥാപനത്തിലെ ഏത് വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരെയാണ് പെൻഷൻ പദ്ധതിക്കായി പരിഗണിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(സി) പെൻഷൻ പദ്ധതിയിൽ പരിഗണിക്കപ്പെടുന്ന സ്ഥിരം ജീവനക്കാരുടെ പട്ടിക ലഭ്യമാക്കാമോ ;

(ഡി) പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സി-ഡിറ്റിൽ എത്ര യോഗങ്ങൾ ചേർന്നു ; യോഗ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-ഡി) സി-ഡിറ്റിൽ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നകാര്യം പരിഗണനയിലാണ്.

പ്രവാസികളുടെ പുനരധിവാസം

72 (2705) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത് എന്ന് വിശദമാക്കുമോ ;

(ബി) ഇവർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ നൽകുന്നുണ്ടോ ; ഇത്തരം വായ്പയ്ക്ക് എത്ര ശതമാനം പലിശയാണ് ഈടാക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) കുറഞ്ഞ നിരക്കിൽ വായ്പ നൽകി പ്രവാസി സ്വയംതൊഴിൽ സംരംഭങ്ങൾ ഊർജ്ജിതപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരികെയെത്തിയ പ്രവാസി മലയാളികളെ പുനരധിവസിപ്പിക്കുന്നതിനായി ഇവർക്ക് സ്വയം തൊഴിലിലൂടെ സുസ്ഥിര വരുമാനം എന്ന ലക്ഷ്യത്തോടുകൂടി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതിക്ക് രൂപംനൽകി നടപ്പിലാക്കിവരുന്നുണ്ട്. ഇതിനുപുറമെ സൗദി അറേബ്യയിൽ സ്വദേശിവൽക്കരണം നടപ്പിലാക്കിയ സാഹചര്യത്തിൽ തിരികെ എത്തുന്ന പ്രവാസി മലയാളികൾക്ക് ഒരു സുസ്ഥിര വരുമാനമാർഗ്ഗം കണ്ടെത്തുക എന്ന ഉദ്ദേശ്യത്തോടെ ഒരു സമഗ്ര പുനരധിവാസ പദ്ധതിയും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. NDPREM പദ്ധതി പ്രകാരം 20 ലക്ഷം രൂപ വരെ മൂലധനച്ചെലവ് പ്രതീക്ഷിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾക്ക് 15 ശതമാനം മൂലധന സബ്സിഡിയും ആദ്യത്തെ നാലുവർഷം 3 ശതമാനം പലിശ ഇളവും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് പദ്ധതി. നോർക്ക റൂട്ട്സും കനറാ ബാങ്ക്/യൂണിയൻ ബാങ്കുമായി ഒപ്പുവച്ചിട്ടുള്ള ധാരണാപത്രം പ്രകാരം റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവു നൽകിയാണ് ബാങ്കുകൾ ഈ പദ്ധതിയുമായി സഹകരിക്കുന്നത്. അപ്രകാരം നിശ്ചയിച്ചിരിക്കുന്ന പലിശ നിരക്കിൽ നിന്നും ആദ്യത്തെ നാലുവർഷം 3 ശതമാനം പലിശ ഇളവ് നൽകുവാൻ സർക്കാർ ഈ പദ്ധതി പ്രകാരം വിഭാവനം ചെയ്യുന്നു.

ധാരണാപത്രം പ്രകാരം കനറാ ബാങ്ക്, യൂണിയൻ ബാങ്ക് എന്നീ ബാങ്കുകൾ വിവിധ പദ്ധതികൾക്കായി വായ്പ നൽകുന്നത് റിസർവ് ബാങ്ക് നിശ്ചയിച്ച base rate-ൽ നിന്നും 0.5 ശതമാനം പലിശ കൂട്ടി നിശ്ചയിച്ചു കൊണ്ടാണ്. പലതരം സംരംഭങ്ങൾക്ക് പല നിരക്കിലാണ് ബാങ്കുകൾ പലിശ നിരക്ക് ഏർപ്പെടുത്തിയിരിക്കുന്നത്. ടാക്സി സർവ്വീസുകൾക്ക് റിസർവ് ബാങ്ക് കഴിഞ്ഞ വർഷം നിശ്ചയിച്ചിരുന്ന base rate-ൽ 0.5 ശതമാനം കൂട്ടി 10.75 ശതമാനം പലിശ നിരക്കാണ് ഈടാക്കിയിരുന്നത്.

(സി) കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് മൂലധന സബ്സിഡിയ്ക്ക് പുറമെ ആദ്യ നാലുവർഷം 3 ശതമാനം പലിശ സബ്സിഡി നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്.